# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 248** **28.11.2018-ൽ മറുപടിക്ക്**

## സുകൃതം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.വി.ഇബ്രാഹിം** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സുകൃതം പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. 2014 നവംബർ 1-നാണ് സുകൃതം പദ്ധതി ആരംഭിച്ചത്. റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ എട്ട് സ്ഥാപനങ്ങളുടെ കീഴിലാണ് ഈ സ്കീം മുഖേന ചികിത്സ നടപ്പിലാക്കിയിരിക്കുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള അർബുദ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യമാണ് നൽകിവരുന്നത്. |
| (ബി) | ഈ പദ്ധതിപ്രകാരം 2015-16, 2016-17, 2017-18, 2018 ഒക്ടോബർ വരെ കാലയളവിൽ അനുവദിച്ച തുക, വിനിയോഗിച്ച തുക എന്നിവയുടെ വിശദാംശം അറിയിക്കാമോ; | (ബി) | സുകൃതം പദ്ധതിപ്രകാരം 2015-16, 2016-17, 2017-18, 2018 ഒക്ടോബർ വരെ കാലയളവിൽ അനുവദിച്ച തുകയുടെയും, വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

**1. മെഡിക്കൽ കോളേജ്. തിരുവനന്തപുരം**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 0 | 0 |
| 2015-16 | 2,00,00,000/- | 59,27,639/- |
| 2016-17 | 0 | 2,26,64,259/- |
| 2017-18 | 1,25,87,116/- | 1,07,05,758/- |
| 2018 ഒക്ടോബർ വരെ | 0 | 38,17,451/- |
| **ആകെ** | 3,25,87,116/- | 4,31,15,107/- |

**2. മെഡിക്കൽ കോളേജ്. ആലപ്പുഴ**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000/- | 56,000/- |

| | | |
|---|---|---|
| 2015-16 | 0 | 64,84,924/- |
| 2016-17 | 0 | 1,27,63,410/- |
| 2017-18 | 85,98,359/- | 86,90,780/- |
| 2018 ഒക്ടോബർ വരെ | 0 | 6,54,786/- |
| **ആകെ** | 2,85,98,359/- | 2,86,49,900/- |

**3. മെഡിക്കൽ കോളേജ്, കോട്ടയം**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000/- | 8,38,524/- |
| 2015-16 | 0 | 1,44,09,981/- |
| 2016-17 | 0 | 2,55,02,445/- |
| 2017-18 | 1,78,44,513/- | 2,47,73,298/- |
| 2018 ഒക്ടോബർ വരെ | 0 | 1,00,55,460/- |
| **ആകെ** | 3,78,44,513/- | 7,55,79,708/- |

**4. മെഡിക്കൽ കോളേജ്, തൃശ്ശൂർ**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000/- | 1,37,300/- |
| 2015-16 | 0 | 2,19,50,563/- |
| 2016-17 | 0 | 8,71,965/- |
| 2017-18 | 86,12,146/- | 6,34,418/- |
| 2018 ഒക്ടോബർ വരെ | 0 | 29,64,860/- |
| **ആകെ** | 2,86,12,146/- | 2,65,59,106/- |

**5. മെഡിക്കൽ കോളേജ്, കോഴിക്കോട്**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 0 | 0 |
| 2015-16 | 3,00,00,000/- | 38,91,053/- |
| 2016-17 | 0 | 93,68,985/- |
| 2017-18 | 45,98,309/- | 1,75,54,527/- |

| | | |
|---|---|---|
| 2018 ഒക്ടോബർ വരെ | 0 | 37,83,744/- |
| **ആകെ** | 3,45,98,309/- | 3,45,98,309/- |

**റീജിയണൽ ക്യാൻസർ സെന്റർ**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 12,00,00,000/- | 2,21,27,356/- |
| 2015-16 | Nil | 10,80,01,734/- |
| 2016-17 | Nil | 16,64,57,975/- |
| 2017-18 | 13,14,14,042/- | 17,98,76,819/- |
| 2018 ഒക്ടോബർ വരെ | Nil | 1,44,24,005/- |
| **ആകെ** | **25,14,14,042/-** | **49,08,87,889/-** |
| അനുവദിച്ച് നൽകുവാനുള്ള തുക – 23,94,73,847/- | | |

**മലബാർ ക്യാൻസർ സെന്റർ**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 5,00,00,000/- | 1,04,85,271/- |
| 2015-16 | Nil | 3,46,25,479/- |
| 2016-17 | Nil | 5,50,05,952/- |
| 2017-18 | 4,41,40,238/- | 3,56,92,600/- |
| 2018 ഒക്ടോബർ വരെ | Nil | 1,92,27,459/- |
| **ആകെ** | **9,41,40,238/-** | **15,50,36,761/-** |

**ജനറൽ ആശുപത്രി, എറണാകുളം**

| വർഷം | സർക്കാർ അനുവദിച്ച തുക (രൂപയിൽ) | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|---|
| 2014-15 | 2,00,00,000/- | 92,903/- |
| 2015-16 | Nil | 1,59,84,158/- |
| 2016-17 | Nil | 46,06,366/- |
| 2017-18 | 89,29,156/- | 6,49,791/- |
| 31/10/2018 വരെ | Nil | 32,47,228/- |
| **ആകെ** | **2,89,29,156/-** | **2,45,80,446/-** |

| | | | |
|---|---|---|---|
| (സി) | 18 വയസ്സിനു മുകളിലുള്ളവർക്ക് ക്യാൻസർ ചികിത്സയ്ക്കായി ഏതെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ **ചിസ് പ്ലസ്** പദ്ധതി പ്രകാരം 70,000/- രൂപ വരെ വർഷത്തിൽ ചികിത്സാസഹായം ലഭ്യമാക്കുന്നു<br>2. **കാരുണ്യ ബനവലന്റ് ഫണ്ട്** പദ്ധതി പ്രകാരം റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം ലഭിക്കുന്നു.<br>3. **സുകൃതം** പദ്ധതി പ്രകാരം ബി.പി.എൽ കാർഡുടമകളായ ക്യാൻസർ രോഗികൾക്ക് മൂന്നു ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.<br>4. **ആർ.എസ്.ബി.വൈ.** പദ്ധതി<br>5. **പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ** പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നവർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകിവരുന്നു.<br>6. **സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ:-** ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഈ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിത്സാ സഹായം നൽകി വരുന്നു.<br>7. **പെൻഷൻ:-** ക്യാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ നൽകിവരുന്നു.<br>8. **സ്നേഹസാന്ത്വനം** പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിത ബാധിതർക്ക് ക്യാൻസർ ചികിത്സ സൗജന്യമായി നൽകിവരുന്നു. ഇതിനായി ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>9. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം<br>10. പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതിയിൽപ്പെട്ട ക്യാൻസർ രോഗികൾക്കുള്ള ധനസഹായം.<br>11. പോണ്ടിച്ചേരി മെഡിക്കൽ റിലീഫ് സൊസൈറ്റി സഹായം<br>12. പ്രധാന മന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി |
| (ഡി) | ക്യാൻസർ രോഗികൾക്കായി സർക്കാർ നൽകി വരുന്ന | (ഡി) | മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പദ്ധതികളിലൂടെയും ക്യാൻസർ രോഗികൾക്കുള്ള |

| | | | |
|---|---|---|---|
| | സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | സേവനങ്ങൾ നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ക്യാൻസർ രോഗവിദഗ്ധരുടെയും ക്യാൻസർ രോഗ ചികിത്സാ കേന്ദ്രങ്ങളുടെയും ദൗർലഭ്യമുള്ളതിനാൽ സംസ്ഥാന ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് **ജില്ലാ ക്യാൻസർ കെയർ യൂണിറ്റുകൾ**. എല്ലാ ജില്ലയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ നൽകുന്നതിനായി ആരോഗ്യവകുപ്പിലെ ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകി കീമോതെറാപ്പി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകുകയാണ് ഈ കേന്ദ്രങ്ങളുടെ ലക്ഷ്യം. നാളിതുവരെ 49000-ത്തിൽപരം കീമോതെറാപ്പിയും അനുബന്ധ സേവനങ്ങളും സംസ്ഥാനത്തെ 20 ആശുപത്രികളിലായി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ നൽകുവാൻ സാധിച്ചിട്ടുണ്ട്. സ്വന്തം ജില്ലയിൽ ചികിത്സ നൽകുവാൻ സാധിക്കുന്നതിലൂടെ രോഗികളുടെ സാമ്പത്തികവും മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുവാൻ ഒരു പരിധിവരെ സാധ്യമായിട്ടുണ്ട്. മൂർദ്ധന്യാവസ്ഥയിലെത്തിയ ക്യാൻസർ രോഗികൾക്ക് സാന്ത്വന പരിചരണവും കിടത്തി ചികിത്സയും വേദനരഹിത ചികിത്സാ മാർഗ്ഗങ്ങളും, പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനായി അഭയം എന്ന പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ നോൺ പ്ലാൻ ഫണ്ടിലൂടെ പ്രതിമാസം ആയിരം രൂപയുടെ ചികിത്സാസഹായവും സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു ദി പുവർ പദ്ധതിയിലൂടെയും ചികിത്സാസഹായം നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**